<u>പതിമൂന്നാം കേരള നിയമസഭ</u>

<u>ഒൻപതാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2522</u> — <u>19.06.2013 ന് മറുപടിയ്ക്ക്</u>

<u>*ഐ.ടി.ഐ. പ്രവേശനം*</u>

| <u>*ചോദ്യം*</u> | <u>*ഉത്തരം*</u> |
|---|---|
| ശ്രീ. പി.കെ. ഗുരുദാസൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ഐ.ടി.ഐ. കളിൽ വിവിധ കോഴ്സുകളിൽ പ്രവേശനത്തിനായി 2013-14 അദ്ധ്യയന വർഷം ക്ഷണിച്ച അപേക്ഷകളിൽ അടിസ്ഥാനയോഗ്യത സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) "അതാതു കാലങ്ങളിൽ ഡി.ജി.ഇ.റ്റി. നിശ്ചയിച്ചിരുന്ന യോഗ്യത എന്നുപറയുമ്പോൾ" ഏതാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) 2013 ആഗസ്റ്റ് സെഷൻ മുതൽ സെമസ്റ്റർ സിസ്റ്റം ഐ.ടി.ഐ. കളിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ ട്രേഡുകളുടെയും പുതുക്കിയ സിലബസ് ഡി.ജി.ഇ.ടി. / cstari (കൽക്കത്ത) എന്നിവിടങ്ങളിൽ നിന്ന് ലഭ്യമാകാൻ കാലതാമസം ഉണ്ടായി. വ്യാവസായിക പരിശീലന വകുപ്പ് പ്രോസ്പക്ടസ് പ്രസിദ്ധീകരിച്ച തീയതിയിൽ (5.6.2013 ന്) ഡി.ജി.ഇ & ടി ചില ട്രേഡുകളുടെ സിലബസ് ലഭ്യമാക്കിയിരുന്നില്ല. ചില ട്രേഡുകളുടെ അടിസ്ഥാന യോഗ്യതയിൽ അവ്യക്തതയും ഉണ്ടായിരുന്നു. ആയതിനാൽ "അടിസ്ഥാന യോഗ്യത ഡി.ജി.ഇ&ടി നിർദ്ദേശാനുസരണം മാറ്റങ്ങൾക്കു വിധേയമായിരിക്കും" എന്നാണ് പ്രോസ്പക്ടസിൽ രേഖപ്പെടുത്തിയിരുന്നത്. |
| (സി) അടിസ്ഥാന യോഗ്യത സംബന്ധിച്ച് വ്യക്തത വരുത്താതെ പ്രവേശന നടപടികൾ സ്വീകരിക്കുന്നത് എങ്ങിനെയാണെന്ന് വിശദമാക്കുമോ ? | (സി) ജൂൺ മാസം 1-ാം തീയതി ഐ.ടി.ഐ. പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് വ്യാവസായിക പരിശീലന വകുപ്പിൽ നിന്ന് പ്രസിദ്ധീകരിക്കേണ്ടതായിരുന്നു. സംസ്ഥാനത്തെ ഗവ. ഐ.ടി.ഐ.കളിൽ പരിശീലനം നടത്തിവരുന്ന 64 ട്രേഡുകളിൽ 6 ട്രേഡുകളുടെ സിലബസ് ഡി.ജി.ഇ & ടി യുടെ നിർദ്ദേശ പ്രകാരമുള്ള www.cstarikolkata.com എന്ന വെബ്സൈറ്റിൽ ജൂൺ 5-ാം തീയതിവരെ ലഭ്യമായിരുന്നില്ല. തുടർന്നും പ്രോസ്പക്ടസ് |

പ്രസിദ്ധീകരണം ദീർഘിപ്പിക്കുന്നത് അഡ്മിഷൻ നടപടികൾ സമയബന്ധിതമായി തീർക്കുവാൻ സാധിക്കാത്ത സാഹചര്യമുണ്ടാക്കും എന്നതിനാൽ സിലബസ് ലഭ്യമായ ട്രേഡുകളിലേയ്ക്കുള്ള പ്രവേശനത്തിനാവശ്യമായ അടിസ്ഥാന യോഗ്യത ഉൾപ്പെടുത്തിയും സിലബസ് ലഭ്യമാകാതിരുന്ന ട്രേഡുകളുടെ അടിസ്ഥാന യോഗ്യതയായി ടി ട്രേഡുകൾക്ക് സെമസ്റ്റർ സിസ്റ്റത്തിന് മുമ്പുണ്ടായിരുന്ന അടിസ്ഥാന യോഗ്യത ചേർത്തും, ഒപ്പം "ടി ട്രേഡുകളുടെ അടിസ്ഥാന യോഗ്യത ഡി.ജി.ഇ & ടിയുടെ നിർദ്ദേശാനുസരണം മാറ്റങ്ങൾക്കു വിധേയമായിരിക്കും" എന്ന കുറിപ്പോടുകൂടിയും പ്രോസ്പക്ടസിൽ ചേർത്ത് 5.6.2013 ന് പ്രസിദ്ധീകരിക്കുകയായിരുന്നു. കൂടാതെ "www.cstarikolkata.com" എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ട്രേഡുകളുടെ പുതുക്കിയ സിലബസ് പ്രകാരമുള്ള അടിസ്ഥാന യോഗ്യതയും പ്രവേശിപ്പിക്കാവുന്ന ട്രെയിനികളുടെ എണ്ണവും അടിസ്ഥാനമാക്കി മാത്രമേ ഐ.ടി.ഐ. കളിൽ പ്രവേശനം നടത്താൻ പാടുള്ളൂ എന്ന അറിയിപ്പും വകുപ്പിന്റെ വെബ്സൈറ്റിൽ നൽകിയിരുന്നു. സിലബസ് ലഭ്യമാകാതിരുന്ന 6 ട്രേഡുകളുടെയും പുതുക്കിയ സിലബസുകൾ cstari യുടെ വെബ്സൈറ്റിൽ ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി ട്രേഡുകളുടെ സിലബസുകളിലെ അടിസ്ഥാന യോഗ്യത വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള പ്രോസ്പക്ടസ് പ്രകാരം തന്നെയുള്ളതാണ്.

സെക്ഷൻ ഓഫീസർ